ശ്രീ. കെ. ശ്രീധരൻ: കോൺഗ്രസ് (ഐ)യും, ജനതാ പാർട്ടിയും പശ്ചിമബംഗാളിലെ ഇടതുപക്ഷ ഗവൺമെന്റിൽ അഭിമാനംകൊള്ളുന്ന ഈ പരിതഃസ്ഥിതിയിൽ ഇക്കാര്യം ഗവൺമെന്റിനു പരിഗണിച്ചുകൂടെ?

ശ്രീ. ലോനപ്പൻ നമ്പാടൻ: കോൺഗ്രസ് (ഐ)യും ജനതാപാർട്ടിയും കേരളത്തിൽ ജനക്ഷേമകരമായി പ്രവർത്തിക്കുന്ന നമ്മുടെ ട്രാൻസ്പോർട്ട് കോർപ്പറേഷനെ വളരെയേറെ അഭിനന്ദിക്കേണ്ടതാണ്.

ശ്രീ. ഇ. കെ. പിള്ള: പരിഗണിക്കുകയും പഠിക്കുകയും ചെയ്യുമ്പോഴും മിനിമം ചാർജ് വർദ്ധിപ്പിക്കുകയില്ല എന്ന തീരുമാനം എടുക്കുന്നതിന് ശ്രദ്ധിക്കുമോ?

ശ്രീ. ലോനപ്പൻ നമ്പാടൻ: തീരുമാനമെടുക്കുന്നതിന് മുമ്പ് ബഹുമാനപ്പെട്ട മെമ്പറുടെ ഈ നിർദ്ദേശവും പരിഗണിക്കാവുന്നതാണ്.

ശ്രീ. കെ. പി. എ. മജീദ്: ബസ്ചാർജ് വർദ്ധനവിനെക്കുറിച്ച് അന്വേഷിച്ച കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കിലോമീറ്ററിന് എത്ര പൈസ വർദ്ധിപ്പിക്കണമെന്നാണ് ഭരണകക്ഷികളുടെ ഏകോപനസമിതി സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുള്ളത്?

ശ്രീ. ലോനപ്പൻ നമ്പാടൻ: ഏകോപനസമിതി അങ്ങനെയൊരു തീരുമാനമെടുത്തിട്ടില്ല.

മുനിസിപ്പൽ ജീവനക്കാർക്ക് ഭവന നിർമ്മാണ പദ്ധതി

*551 [599] ശ്രീ. സി. കെ. തങ്കപ്പൻ :
,, വൈക്കം വിശ്വൻ :
,, പി. പി. എസ്തോസ് :
,, സി. ടി. കൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മുനിസിപ്പൽ ജീവനക്കാർക്ക് ആവിഷ്കരിച്ചിരിക്കുന്ന ഭവനനിർമ്മാണ പദ്ധതി എന്നത്തേക്ക് നടപ്പിലാക്കാൻ കഴിയുമെന്നു വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതി പഞ്ചായത്ത് ജീവനക്കാർക്കും നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. ആർ. എസ്. ഉണ്ണി) :

(എ) സംസ്ഥാനത്തെ മുനിസിപ്പൽ ജീവനക്കാർക്ക് ഭവനനിർമ്മാണത്തിനു വായ്പാസൗകര്യം നൽകുന്നതിന് അനുയോജ്യമായ ഒരു പദ്ധതി തയ്യാറാക്കുന്ന കാര്യം സർക്കാരിന്റെ സജീവപരിഗണനയിലുണ്ട്. എന്നത്തേക്ക് നടപ്പിലാക്കാൻ കഴിയുമെന്ന് ഇപ്പോൾ പറയുവാൻ സാധ്യമല്ല.

(ബി) പ്രസ്തുത പദ്ധതിക്ക് രൂപംകൊടുത്തശേഷം ഇതേപ്പറ്റി ആലോചിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കെ. തങ്കപ്പൻ : കേരളത്തിൽ എത്ര മുനിസിപ്പൽ ജീവനക്കാരുണ്ട്; അവർക്കുവേണ്ടി എത്ര ഭവനങ്ങളാണ് നിർമ്മിക്കാനുദ്ദേശിക്കുന്നത്; അതിന്റെ നടപടിക്രമങ്ങളും മാനദണ്ഡങ്ങളും എന്താണെന്നു വിശദീകരിക്കാമോ?

ശ്രീ. ആർ. എസ്. ഉണ്ണി : അയ്യായിരത്തിൽപ്പരം ജീവനക്കാരുണ്ട്. കണ്ടിജൻറ് ജീവനക്കാർ അതിനു പുറമെയാണ്. മൊത്തത്തിൽ ഇന്നു സ്വന്തമായി വീടുകളില്ലാത്ത ജീവനക്കാർക്ക് സ്വന്തമായി വീടു നിർമ്മിക്കുന്നതിനുള്ള ഒരു പദ്ധതിയെപ്പറ്റിയാണ് ആലോചിക്കുന്നത്. നേരത്തെ മുനിസിപ്പൽ ഫണ്ടിൽനിന്നും വായ്പാസൗകര്യം കിട്ടുമോ എന്നു പരിശോധിച്ചിരുന്നു. പല മുനിസിപ്പാലിറ്റികൾക്കും അതിനു തക്ക സാമ്പത്തിക ശേഷിയില്ല. ഏതെങ്കിലും മുനിസിപ്പാലിറ്റി മുനിസിപ്പൽ ജീവനക്കാരന് വായ്പ നൽകുന്നതിനു തീരുമാനിച്ചാൽ അതിന് ഗവൺമെൻറ് അനുമതി കൊടുക്കാറുണ്ട്. എന്നാൽ പൊതുവിൽ ഒരു പദ്ധതിയെന്നുള്ള നിലക്ക് മുനിസിപ്പൽ ഫണ്ടുപയോഗിച്ച് അങ്ങനെയൊരു പദ്ധതിക്ക് നിർവാഹമില്ല. എന്നാൽ വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിൽനിന്നും ഇപ്പോൾ നടത്താൻ നടപടി സ്വീകരിച്ചിട്ടുള്ള സഹകരണ സ്ഥാപനം അർബൻ–ലോക്കൽ ബോഡികളിലെ ജീവനക്കാർക്കും രൂപീകരിച്ച് അവരുടെ ഭവനനിർമ്മാണ ആവശ്യം നിർവഹിക്കാൻ സാധിക്കുമോ എന്നുള്ളതാണ് ഇപ്പോൾ പരിശോധിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. സി. കെ. തങ്കപ്പൻ : പഞ്ചായത്ത് മെമ്പർക്ക് ഈ ഭവനനിർമ്മാണ പദ്ധതി ഏർപ്പെടുത്തുന്ന കാര്യം എന്നെങ്കിലും ആലോചിക്കുമെങ്കിൽ 1963 മുതൽ ഇക്കഴിഞ്ഞ പഞ്ചായത്തു തിരഞ്ഞെടുപ്പു വരെയുള്ള കാലഘട്ടത്തിൽ പഞ്ചായത്ത് മെമ്പർമാരായിരുന്നവരും കഴിഞ്ഞ പഞ്ചായത്തു തിരഞ്ഞെടുപ്പിൽ നിന്നു തോൽക്കുകയോ നിൽക്കാൻ കഴിയാതെപോകുകയോ ചെയ്തവരുമായ ആളുകളെക്കൂടി അതിന്റെ പരിധിയിൽ കൊണ്ടുവരുമോ?

ശ്രീ. ആർ. എസ്. ഉണ്ണി : മുനിസിപ്പൽ ജീവനക്കാർക്കുവേണ്ടി ഒരു ഭവനനിർമ്മാണപദ്ധതി തയ്യാറാക്കി പ്രാവർത്തികമാക്കിയശേഷം പഞ്ചായത്ത് ജീവനക്കാർക്ക് അതുപോലൊരു പദ്ധതി നടപ്പാക്കുന്നതിനെപ്പറ്റി ആലോചിക്കാം. പഞ്ചായത്തു മെമ്പർമാരുടെ കാര്യത്തിൽ ഒരു നിർദ്ദേശവും ഇതുവരെ ഗവൺമെൻറിന്റെ പരിഗണനയിൽ വന്നിട്ടില്ല. ഇപ്പോൾ ഇതിനോടു ബന്ധപ്പെടുത്തി ആലോചിക്കാൻ നിർവ്വാഹമില്ല.

ശ്രീ. വൈക്കം വിശ്വൻ : ഭവനനിർമ്മാണ ബോർഡുമായി ആലോചിച്ച് അവരിൽനിന്നും വായ്പാസൗകര്യമുണ്ടാക്കിക്കൊടുത്തുകൊണ്ട് പദ്ധതി ആവിഷ്ക്കരിക്കാൻ കഴിയുമോ?

ശ്രീ. ആർ. എസ്. ഉണ്ണി : ഭവനനിർമ്മാണ ബോർഡുമായി ബന്ധപ്പെട്ട് നേരത്തെ ആലോചിച്ചിരുന്നു. അതിന് ചില പ്രതിബന്ധങ്ങളുണ്ട്. ഭവനനിർമ്മാണബോർഡ് ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്ന പല പദ്ധതികളുടേയും പ്രയോജനം നഗരസഭാജീവനക്കാർക്കുകൂടി ലഭ്യമാക്കാനുള്ള നടപടികളെപ്പറ്റി ആലോചിച്ചുവരുന്നു.

ശ്രീ. വൈക്കം വിശ്വൻ : മുനിസിപ്പൽജീവനക്കാരുടെ ഭവനനിർമ്മാണ പദ്ധതി പൂർണ്ണമായി നടപ്പാക്കിക്കഴിഞ്ഞിട്ടില്ല. അതിനുശേഷം മാത്രമേ പഞ്ചായത്ത് ജീവനക്കാരുടെ പ്രശ്നം ആലോചിക്കാൻ കഴിയുകയുള്ളൂ

LIBRARY ARCHIVES Kerala Legislative Assembly

എന്നു പറഞ്ഞു. പഞ്ചായത്ത് ജീവനക്കാർ ഗ്രാമപ്രദേശങ്ങളെ ആശ്രയിച്ചാണ് കഴിയുന്നത്. അതുകൊണ്ട് ഇതോടനുബന്ധിച്ചുതന്നെ അവരുടെ കാര്യംകൂടി ആലോചിക്കുമോ?

ശ്രീ. ആർ. എസ്. ഉണ്ണി : ഈ പദ്ധതിക്കു രൂപംനൽകി പ്രാവർത്തികമാകുന്ന മുറയ്ക്ക് പഞ്ചായത്ത് ജീവനക്കാരുടെ പ്രശ്നംകൂടി പരിഗണിക്കാമെന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. സി. ടി. കൃഷ്ണൻ : മുനിസിപ്പൽ ജീവനക്കാരുടെ ഭവന നിർമ്മാണ പദ്ധതിയെപ്പറ്റി ആലോചിക്കുന്നുണ്ടെന്നും പഞ്ചായത്ത് ജീവനക്കാരുടെ കാര്യം പിന്നീടു മാത്രമേ പരിഗണിക്കുകയുള്ളൂ എന്നും പറഞ്ഞു. ഈ രണ്ടു വിഭാഗം ജീവനക്കാരേയും രണ്ടുതരത്തിൽ കാണാനും ചിന്തിക്കാനും പ്രത്യേക കാരണം വല്ലതുമുണ്ടോ?

ശ്രീ. ആർ. എസ്. ഉണ്ണി : രണ്ടു തരത്തിൽ ചിന്തിക്കുകയല്ല ചെയ്തത്. ധനപരമായും മറ്റു കാരണങ്ങളാലും ഇതിൽ കുറെക്കൂടി പ്രവർത്തിക്കാൻ ശേഷിയുള്ള നഗരസഭകളുമായി ബന്ധപ്പെട്ട് ഒരു പദ്ധതി ആവിഷ്ക്കരിക്കുകയും ആ പദ്ധതി മറ്റുപഞ്ചായത്തുകളെക്കൂടി സംയോജിപ്പിച്ചുകൊണ്ട് കൂടുതൽ വിപുലമായി നടത്തുന്നതിനേയും പറ്റി ഇതിനുപുറകെ ആലോചിക്കാമെന്നാണ് പറഞ്ഞത്. അല്ലാതെ രണ്ടായി തരംതിരിച്ചുള്ള സമീപനമല്ല.

ശ്രീ. സി. ടി. കൃഷ്ണൻ : പഞ്ചായത്തുകൾക്ക് ഗവൺമെൻറ് ഗ്രാൻറ് നൽകി ഭവനനിർമ്മാണപദ്ധതി ആവിഷ്ക്കരിക്കുന്നതിനെപ്പറ്റി ആലോചിക്കുമോ?

ശ്രീ. ആർ. എസ്. ഉണ്ണി : പഞ്ചായത്ത് പദ്ധതികളാവിഷ്ക്കരിക്കുമ്പോൾ ഗവൺമെൻറിന്റെ പങ്കാളിത്തംകൂടി ഉണ്ടാകും. ആ പദ്ധതിയുടെ ഒരു ഭാഗമെന്നുള്ള നിലയിലാണ് ഗവൺമെൻറിന്റെ പങ്കാളിത്തം വരുന്നത്. അല്ലാതെ പഞ്ചായത്തുകൾക്കു ഗ്രാൻറ് നൽകി പഞ്ചായത്തു ജീവനക്കാർക്ക് ഭവനനിർമ്മാണപദ്ധതി ആവിഷ്ക്കരിച്ചു നടപ്പാക്കാൻ പ്രയാസമാണ്.

ശ്രീ. കെ. അവുക്കാദർകുട്ടി നഹ : നഗരസഭാജീവനക്കാർക്ക് അവരുടെ സ്വന്തം നാട്ടിൽ ഭവനമുണ്ടാക്കിക്കൊടുക്കാനാണോ ജോലിചെയ്യുന്ന സ്ഥലങ്ങളിൽ ഉണ്ടാക്കിക്കൊടുക്കാനാണോ ഗവൺമെൻറുദ്ദേശിക്കുന്നത്?

ശ്രീ. ആർ. എസ്. ഉണ്ണി : മുനിസിപ്പൽ ജീവനക്കാർക്ക് മുനിസിപ്പാലിറ്റികളുടെ ആഭിമുഖ്യത്തിൽ കോർപ്പറേഷനിൽ വീടു വയ്ക്കുന്നതിനുള്ള ഒരു പരിപാടി വേറെ ആലോചനയിലുണ്ട്. സ്വന്തമായി വീടില്ലാത്ത ജീവനക്കാർക്ക് സ്വന്തമായി വീടുണ്ടാക്കാനും സ്ഥലം സമ്പാദിച്ച് വീടുണ്ടാക്കാനുമൊക്കെയുള്ള പദ്ധതിയാണിത്.

ശ്രീ. കെ. അവുക്കാദർകുട്ടി നഹ : ജീവനക്കാർ മാറിമാറി വരുമ്പോൾ എങ്ങനെയാണ്?

ശ്രീ. ആർ. എസ്. ഉണ്ണി : സ്വന്തമായി വീടുണ്ടാക്കണമെന്നാഗ്രഹമുള്ളവർക്കാണ് വീടുണ്ടാക്കിക്കൊടുക്കുന്നത്. സ്വന്തമായി വീടുള്ളവർക്കും സ്ഥലംമാറ്റത്തിന്റെ പ്രശ്നം വരുമല്ലൊ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തോമസ് കല്ലമ്പള്ളി : മുനിസിപ്പൽ കൗൺസിലർമാർക്കുകൂടി ഒരു ഭവനനിർമ്മാണപദ്ധതി നടപ്പാക്കുമോ?

ശ്രീ. ആർ. എസ്. ഉണ്ണി : അങ്ങനെയൊരാവശ്യം ഇതുവരെ ഉന്നയിക്കപ്പെട്ടിട്ടില്ല ജനപ്രതിനിധികളായ മുനിസിപ്പൽ കൗൺസിലർമാർക്ക് സാധാരണ മറ്റു പൗരൻമാർക്കു ലഭിക്കുന്നതുപോലെ ഹൗസിംഗ് ബോർഡ് ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികളും വായ്പാ പദ്ധതികളുമൊക്കെ ലഭിക്കാനുള്ള സാധ്യതയുണ്ട്. ഇങ്ങനെയൊരു നിർദ്ദേശം ഇതുവരെ ഉന്നയിക്കപ്പെട്ടിട്ടില്ല.

ശ്രീ. എം. കെ. കേശവൻ : മുനിസിപ്പൽ അതിർത്തിക്കുള്ളിൽ സ്വന്തമായി സ്ഥലമുള്ള ജീവനക്കാർക്ക് സ്വന്തമായി ഭവനം നിർമ്മിക്കുന്നതിനു വേണ്ടിയുള്ള സാമ്പത്തികസഹായം നൽകുന്നതിന് ഇപ്പോഴുള്ള നിയമം പര്യാപ്തമല്ലാത്തതുകൊണ്ട് പുതിയ നിയമം കൊണ്ടുവരാൻ നടപടിയെടുക്കുമോ?

ശ്രീ. ആർ. എസ്. ഉണ്ണി : ഇന്നുള്ള ചട്ടങ്ങളിൽ ചില ഭേദഗതികളും വരുത്തി പൊതുവിൽ ഒരു വ്യവസ്ഥയുണ്ടാക്കുന്നതിനെപ്പറ്റി നേരത്തെ ആലോചിച്ചിരുന്നു. പുതുതായി ഒരു നിയമം വരുന്ന അവസരത്തിൽ സാമ്പത്തികപരിമിതികളും വച്ചുനോക്കുമ്പോൾ ബുദ്ധിമുട്ടുണ്ടാകുമെന്ന് പല മുനിസിപ്പൽ കൗൺസിലർമാരും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ മുനിസിപ്പാലിറ്റികളുടേയും ജീവനക്കാരുടേയും ഗവൺമെന്റിന്റേയും സഹകരണവും പങ്കാളിത്തവുമെല്ലാം ഉൾക്കൊള്ളുന്ന ഒരു പദ്ധതിയെക്കുറിച്ചാണാലോചിച്ചുകൊണ്ടിരിക്കുന്നത്.

ഭൂപരിഷ്ക്കരണ നിയമം മൂലം ഭൂമിയും വരുമാനവും നഷ്ടപ്പെട്ട ചെറുകിട ജൻമിമാർക്ക് സഹായം

*552 [600] ശ്രീ. പി. സി. കബീർ :

,, കെ. പി. നൂറുദ്ദീൻ :

,, എം. സി. ചെറിയാൻ :

,, സിറിയക് ജോൺ :

,, കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും മൽസ്യബന്ധനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂപരിഷ്ക്കരണ നിയമം മൂലം ഭൂമിയും വരുമാനവും നഷ്ടപ്പെട്ട ചെറുകിട ജൻമിമാർക്ക് എന്തെല്ലാം സഹായങ്ങളാണ് ഗവൺമെന്റ് അനുവദിച്ചിട്ടുള്ളത്;

(ബി) ഇത്തരം ചെറുകിട ജൻമിമാരെ സഹായിക്കുവാനുള്ള എന്തെങ്കിലും പരിപാടി ഇതിനകം നടപ്പിലാക്കിയിട്ടുണ്ടോ?

റവന്യൂവും മൽസ്യബന്ധനവും വകുപ്പുമന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ) :

(എ, ബി) ചെറുകിട ഭൂവുടമയ്ക്കു ലഭിക്കുന്ന സാന്ത്വനപ്രതിഫലത്തിന്റെ ഉയർന്ന പരിധി 500 രൂപയിൽനിന്നും 1,500 രൂപയായി വർദ്ധിപ്പിച്ചുകൊണ്ടും 5,000 രൂപ വരെ നഷ്ടപ്രതിഫലം ലഭിക്കുന്ന ചെറുകിട

LIBRARY ARCHIVES Kerala Legislative Assembly